മാതൃഭൂമി

19 July 2017

# ദേശീയ മത്സ്യമേഖല വികസന സൂചിക തയ്യാറാക്കണം-മനാഷ് ചൗധരി

കൊച്ചി: സമുദ്രമത്സ്യ മേഖലയിൽ വിവിധ സംസ്ഥാനങ്ങളിലെ വികസന തോത് മനസ്സിലാക്കാൻ ദേശീയ സമുദ്ര മത്സ്യമേഖലാ വികസന സൂചിക തയ്യാറാക്കണമെന്ന് നീതി ആയോഗ് ഡെപ്യൂട്ടി അഡ്വൈസർ മനാഷ് ചൗധരി സി.എം.എഫ്.ആർ.ഐ.യോട് അഭ്യർത്ഥിച്ചു. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനുമായുള്ള ചർച്ചയിലാണ് ഇന്ത്യൻ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചത്.

ദേശീയ സമുദ്രമത്സ്യ വികസന പദ്ധതി രൂപവത്കരിക്കണമെന്നതാണ് മറ്റൊരു പ്രധാന നിർദ്ദേശം. സി.എം.എഫ്.ആർ.ഐ.യുടെ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുകയാണെങ്കിൽ 2022-ഓടെ നാലു ലക്ഷം ടൺ മത്സ്യമാണ് കൂടുമത്സ്യകൃഷിയിലൂടെ രാജ്യത്ത് ഉത്പാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നത്. കുടുംബശ്രീ യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ കേരളത്തിൽ കൂടുമത്സ്യകൃഷി വൻ വിജയമാക്കാമെന്നും മനാഷ് ചൗധരി പറഞ്ഞു.